**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3436** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇനങ്ങളിൽ ഈടാക്കി വരുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വസ്തു രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇനങ്ങളിൽ ഈടാക്കി വരുന്ന തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വസ്തു രജിസ്ട്രേഷനായി വിലയാധാരങ്ങൾക്ക് ആധാരത്തിൽ കാണിക്കുന്ന ഫെയർവാല്യുവിൽ കുറയാത്ത വിലയുടെ 8% നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ഈടാക്കി വരുന്നു. കുടുംബാംഗങ്ങൾക്ക് എഴുതിക്കൊടുക്കുന്ന ധനനിശ്ചയാധാരങ്ങൾക്ക് ആധാരത്തിൽ കാണിക്കുന്ന ഫെയർവാല്യുവിൽ കുറയാത്ത വിലയുടെ 0.2% നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, 1% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ഈടാക്കി വരുന്നു. മറ്റുള്ള ധനനിശ്ചയാധാരങ്ങൾക്ക് 5% നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ഈടാക്കി വരുന്നു. കുടുംബാംഗങ്ങൾക്ക് എഴുതിക്കൊടുക്കുന്ന ഒഴിവുകുറി, ദാനം എന്നിവയ്ക്ക് ആധാരത്തിൽ കാണിക്കുന്ന ഫെയർവാല്യുവിൽ കുറയാത്ത വിലയുടെ 0.2% നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും 1% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ഈടാക്കി വരുന്നു. കുടുംബാംഗങ്ങൾ അല്ലാത്തവർക്ക് ഒഴിവുകുറി, ദാനം ആധാരങ്ങൾക്ക് 8% നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ഈടാക്കി വരുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രാധാരങ്ങൾക്ക് 0.15% സ്റ്റാമ്പ് ഡ്യൂട്ടിയും, 1% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നു. കുടുംബാംഗങ്ങൾ അല്ലാത്തവർ തമ്മിലുള്ള ഭാഗപത്രാധാരങ്ങൾക്ക് 6% സ്റ്റാമ്പ് ഡ്യൂട്ടിയും, 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസും ഈടാക്കി വരുന്നു. |
| (ബി) | നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ഇവയുടെ നിരക്കിൽ വ്യത്യാസമുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ഇവയുടെ നിരക്കിൽ വ്യത്യാസമില്ല. |
| (സി) | ലൈസൻസുള്ള ആധാരം എഴുത്തുകാർക്ക് ഓരോ സേവനത്തിനും ഈടാക്കാവുന്ന ചാർജ്ജ് എത്ര | (സി) | ലൈസൻസുള്ള ആധാരം എഴുത്തുകാർക്ക് ഓരോ സേവനത്തിനും ഈടാക്കാവുന്ന ചാർജ്ജ് നിശ്ചയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ |

| | | | |
|---|---|---|---|
| | വീതമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ജനറലിന്റെ 28/02/2025 തിയതിയിലെ L1-3006/2017 - ാം നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം 01/03/2025 തീയതി മുതൽ പ്രാബല്യമാകുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.<br><br>i. ആധാരത്തിൽ പ്രതിഫലം 7500 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 550 രൂപ<br><br>ii. ആധാരത്തിൽ പ്രതിഫലം 7500 രൂപയിൽ അധികരിക്കുകയും 12,500 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് -700 രൂപ<br><br>iii. ആധാരത്തിൽ പ്രതിഫലം 12,500 രൂപയിൽ അധികരിക്കുകയും 20,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 800 രൂപ<br><br>iv. ആധാരത്തിൽ പ്രതിഫലം 20,000 രൂപയിൽ അധികരിക്കുകയും 30,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 950 രൂപ<br><br>v. ആധാരത്തിൽ പ്രതിഫലം 30,000 രൂപയിൽ അധികരിക്കുകയും 50,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 1,200 രൂപ<br><br>vi. ആധാരത്തിൽ പ്രതിഫലം 50,000 രൂപയിൽ അധികരിക്കുകയും 75,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 1,700 രൂപ<br><br>vii. ആധാരത്തിൽ പ്രതിഫലം 75,000 രൂപയിൽ അധികരിക്കുകയും 1,00,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 2200 രൂപ<br><br>viii. ആധാരത്തിൽ പ്രതിഫലം 1,00,000 രൂപയിൽ അധികരിക്കുകയും 1,50,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 2,600 രൂപ<br><br>ix. ആധാരത്തിൽ പ്രതിഫലം 1,50,000 രൂപയിൽ അധികരിക്കുകയും 2,00,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 3,800 രൂപ |

x. ആധാരത്തിൽ പ്രതിഫലം 2,00,000 രൂപയിൽ അധികരിക്കുകയും 3,00,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 5,000 രൂപ

xi. ആധാരത്തിൽ പ്രതിഫലം 3,00,000 രൂപയിൽ അധികരിക്കുകയും 5,00,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 6,200 രൂപ

xii. ആധാരത്തിൽ പ്രതിഫലം 5,00,000 രൂപയിൽ അധികരിക്കുകയും 7,00,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് -7,500 രൂപ

xiii. ആധാരത്തിൽ പ്രതിഫലം 7,00,000 രൂപയിൽ അധികരിക്കുകയും 8,00,000 രൂപയിൽ അധികരിക്കാത്ത പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 9,000 രൂപ
xiv. ആധാരത്തിൽ പ്രതിഫലം 8,00,000 രൂപ അധികരിക്കുന്ന പക്ഷം ഈടാക്കേണ്ട എഴുത്ത് ഫീസ് - 10,000 രൂപ

xv. രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ 1(v) പ്രകാരമുള്ള ആധാരം തയ്യാറാക്കുന്നതിന് ഈടാക്കേണ്ട ഫീസ് - 300/- രൂപ

xvi. വസ്തു വിവരപട്ടിക അഞ്ചിലധികം ഇനങ്ങൾ ഉൾക്കൊള്ളുന്നതാണെങ്കിൽ മുകളിൽ നിർദ്ദേശിച്ചിട്ടുള്ള ഫീസ് കൂടാതെ ഓരോ ഇനത്തിനും അതിന്റെ ഭാഗത്തിനും 30 രൂപ അധികം ഈടാക്കാവുന്നതാണ്.

xvii. സ്ഥാവര വസ്തുവിനെ സംബന്ധിച്ച കരാർ, ഉടമസ്ഥാവകാശപ്രമാണം നിക്ഷേപിക്കുകയോ പണയപ്പെടുത്തലോ, സംബന്ധിച്ച കരാറുകൾ, ഒരു അധികാരത്തിന്റെ നിർവ്വഹണത്തിലുള്ള നിയമനം, അവാർഡുകൾ, ചിട്ടി അല്ലെങ്കിൽ കുറിപണയം, ഒഴുതീർപ്പാധാരം, ഭാഗപത്രം, പാർട്ട്ണർഷിപ്പ്, പാർട്ട്ണർഷിപ്പ് പിരിച്ചുവിടൽ ഉൾപ്പെടെ, ധനനിശ്ചയം, ട്രസ്റ്റ് എന്നിവയ്ക്ക് (i) മുതൽ (xv) വരെയുള്ള ഇനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഫീസ് 25 ശതമാനം വരുന്ന ഒരു അധിക ഫീസ് കൂടി ഈടാക്കാവുന്നതാണ്.

**<u>പകർത്തിയെഴുത്തുകാരന്റെ ഫീസ്</u>**

പകർത്തിയെഴുതുന്ന ഓരോ പേജിനും അതിന്റെ ഭാഗത്തിനും 20 രൂപ ഫീസ് ഈടാക്കാവുന്നതാണ്.

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്യേണ്ടതായ ശരിപകർപ്പുകൾക്ക് കോപ്പിയിംഗ് ഷീറ്റിന്റെ ഓരോ പേജിനും അതിന്റെ ഭാഗത്തിനും 30 രൂപ എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞത് 40 രൂപ എന്നതിനു വിധേയമായി ഈടാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ